REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **'ദുരന്ത നിവാരണ ഭേദഗതി ബിൽ 2024' പാർലമെന്റ് പാസാക്കി.**
- **വയനാട് മാതൃകാ ടൗൺഷിപ്പിന് നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും.**
- **യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബാവയായി മാർ ബസേലിയോസ് ജോസഫ് ബാവ അഭിഷിക്തനായി.**
- **പയ്യന്നൂരിൽ തുരീയം സംഗീതോത്സവം പശ്ചിമബംഗാൾ ഗവർണർ CV ആനന്ദബോസ് ഉദ്ഘാടനം ചെയ്തു.**
- **ഖേലോ ഇന്ത്യ പാരാ ഗെയിംസ് മത്സരങ്ങൾ ന്യൂഡൽഹിയിൽ നാളെ സമാപിക്കും.**

## വാർത്തകൾ വിശദമായി

ദുരന്ത നിവാരണ ഭേദഗതി ബിൽ 2024 പാർലമെന്റ് പാസാക്കി. ലോക്സഭ കഴിഞ്ഞ ഡിസംബറിൽ പാസ്സാക്കിയ ബില്ലിന് ഇന്നലെ രാജ്യസഭയും അംഗീകാരം നൽകി. ദേശീയ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നതെന്ന്, രാജ്യസഭയിൽ ബിൽ ചർച്ചയ്ക്ക് മറുപടി പറഞ്ഞ ആഭ്യന്തര മന്ത്രി അമിത് ഷാ വ്യക്തമാക്കി. നിർമ്മിത ബുദ്ധിയിൽ അധിഷ്ഠിതമായ നിരീക്ഷണ സംവിധാനം, സമൂഹമാധ്യമങ്ങളിലൂടെ നൽകുന്ന ദുരന്തമുന്നറിയിപ്പുകൾ എന്നിവയിലൂടെ ദുരന്തപ്രതികരണ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്ന വ്യവസ്ഥകൾ ബില്ലിലുണ്ട്.

✪✪✪

ഉത്തരാഖണ്ഡിന് പിന്നാലെ ഏകീകൃത സിവിൽ കോഡ് ഗുജറാത്തിലും കൊണ്ടുവരാൻ തീരുമാനമായി. നിയമസഭയിൽ ഗുജറാത്ത് നിയമ മന്ത്രി ഋഷികേഷ് പട്ടേലാണ് ഇക്കാര്യം അറിയിച്ചത്. എല്ലാ ജനങ്ങൾക്കും തുല്യനീതി ഉറപ്പാക്കാനും ഏകഭാരതം ശ്രേഷ്ഠഭാരതം എന്ന ലക്ഷ്യം പൂർത്തീകരിക്കാനുമാണ് നടപടിയെന്ന് ഗവൺമെന്റ് വ്യക്തമാക്കി.

✪✪✪

മുണ്ടക്കൈ - ചൂരൽമല പ്രകൃതി ദുരന്ത അതിജീവിതർക്കായി ഗവൺമെന്റ് നിർമ്മിക്കുന്ന വയനാട് മാതൃകാ ടൗൺഷിപ്പിന് നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും. കല്പറ്റ ബൈപ്പാസിനോട് ചേർന്ന് എൽസ്റ്റൺ എസ്റ്റേറ്റിൽ നിന്ന് ഏറ്റെടുത്ത 64 ഹെക്ടറിലാണ് ടൗൺഷിപ്പ് നിർമ്മാണം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

........വോയ്സ്..........

ഏഴ് സെന്റ് പ്ലോട്ടുകളിൽ ആയിരം ചതുരശ്ര അടി വീടുകളാണ് നിർമ്മിക്കുന്നത്. റോഡ്, അനുബന്ധ പൊതു സ്ഥാപനങ്ങൾ, വ്യാപാര - വാണിജ്യ സൗകര്യങ്ങൾ എന്നിവ ടൗൺഷിപ്പിൽ സജ്ജീകരിക്കും. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് ടൗൺഷിപ്പ് നിർമ്മാണത്തിന്റെ ചുമതല.

മന്ത്രിമാരായ K രാജൻ, OR കേളു, റോഷി അഗസ്റ്റിൻ, K കൃഷ്ണൻകുട്ടി, AK ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി , KB ഗണേഷ് കുമാർ, PA മുഹമ്മദ് റിയാസ് എന്നിവർ ചടങ്ങിൽ പങ്കെടുക്കും. പ്രതിപക്ഷനേതാവ് VD സതീശൻ, വയനാട് MP പ്രിയങ്കാ ഗാന്ധി, പ്രതിപക്ഷ ഉപനേതാവ് PK കുഞ്ഞാലിക്കുട്ടി, T സിദ്ദിഖ് MLA തുടങ്ങിയവരും മറ്റ് ജനപ്രതിനിധികളും സംബന്ധിക്കും.

✪✪✪

മുണ്ടക്കൈ - ചൂരൽമല പുനരധിവാസ പദ്ധതിയിൽ 235 ഗുണഭോക്താക്കൾ സമ്മതപത്രം കൈമാറി. ഇതിൽ 170 പേർ വീടിനും 65 പേർ സാമ്പത്തിക സഹായത്തിനും ആണ് സമ്മതപത്രം നൽകിയത്. ഈ മാസം 24 വരെയായിരുന്നു സമ്മതപത്രം നൽകാൻ സമയം നൽകിയിരുന്നത്. രണ്ടാം ഘട്ട 2A, 2B പട്ടികയിൽ പെട്ടവരിൽ നിന്ന് ഇന്നലെ മുതൽ സമ്മതപത്രം സ്വീകരിച്ചു തുടങ്ങി. അന്തിമ പട്ടിക ഏപ്രിൽ 20ന് പ്രസിദ്ധീകരിക്കും.

✪✪✪

മുണ്ടക്കൈ- ചൂരൽമല ഉരുൾപ്പൊട്ടൽ പുനരധിവാസ ഗുണഭോക്തൃ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് അപ്പീൽ അപേക്ഷ നൽകേണ്ട തിയതി നീട്ടി. ഈ മാസം 30 വരെ അപ്പീൽ അപേക്ഷകൾ നൽകാനാവുന്നതാണ്.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷങ്ങൾ ഏപ്രിൽ 21 മുതൽ മേയ് 30 വരെ സംഘടിപ്പിക്കും.

ഏപ്രിൽ 21ന് കാസർകോടാണ് വാർഷികാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം. സമാപനം മെയ് 23ന് തിരുവനന്തപുരത്ത് നടത്തും. എല്ലാ ജില്ലകളിലും മുഖ്യമന്ത്രി പങ്കെടുക്കുന്ന ജില്ലാതല യോഗങ്ങൾ ഉണ്ടായിരിക്കും. ഇതിനു പുറമെ കോഴിക്കോട്, എറണാകുളം, കോട്ടയം, തിരുവനന്തപുരം, പാലക്കാട്, തൃശൂർ ജില്ലകളിൽ സംസ്ഥാനതലയോഗങ്ങളും സംഘടിപ്പിക്കും. പാലക്കാട്, തിരുവനന്തപുരം, കണ്ണൂർ, കോട്ടയം എന്നിവിടങ്ങളിൽ മേഖലാ യോഗങ്ങളും ഉണ്ടായിരിക്കും.

ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ജില്ലാതല പ്രദർശനങ്ങളിൽ വിവിധ വകുപ്പുകളുടെ സേവനങ്ങൾ വിവരിക്കുന്ന 50 സ്റ്റാളുകൾ ഉണ്ടായിരിക്കണമെന്ന് ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ മുഖ്യമന്ത്രി നിർദ്ദേശിച്ചു. എല്ലാ മേഖലകളിൽ നിന്നും പ്രാതിനിധ്യം ഉറപ്പാക്കാൻ ജില്ലാ കളക്ടർമാർ മേൽനോട്ടം നൽകണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബാവയായി മാർ ബസേലിയോസ് ജോസഫ് ബാവ അഭിഷിക്തനായി. ലെബനനിലെ ബെയ്റൂത്തിൽ അച്ചാനെ സെന്റ് മേരീസ് കത്തീഡ്രലിലായിരുന്നു ഇന്ത്യൻ സമയം ഇന്നലെ രാത്രി എട്ടരയോടെ അഭിഷേക ചടങ്ങുകൾ. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ ചടങ്ങിൽ മുഖ്യ കാർമികനായിരുന്നു.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്........

അഞ്ച് പതിറ്റാണ്ടോളം മെത്രാപൊലീത്തയായും കാതോലിക്കയായും സഭയെ നയിച്ച ശേഷമാണ് മാർ ബസേലിയോസ് ജോസഫ് ബാവ, ശ്രേഷ്ഠ കാതോലിക്ക ബാവയായി സ്ഥാനം ഏറ്റത്.

കേന്ദ്ര - സംസ്ഥാന പ്രതിനിധി സംഘങ്ങളും മറ്റ് സഭകളുടെ തലവന്മാരും ചടങ്ങിൽ പങ്കെടുത്തു. മുൻ കേന്ദ്രസഹമന്ത്രി V മുരളീധരൻ, ബെന്നി ബഹനാൻ എംപി, BJP നേതാവും മുൻ കേന്ദ്രമന്ത്രിയുമായ അൽഫോൻസ് കണ്ണന്താനം,

തുടങ്ങിയവർ കേന്ദ്ര ഗവൺമെന്റ് പ്രതിനിധികളായി ചടങ്ങിൽ സംബന്ധിച്ചു. മന്ത്രി P.രാജീവിന്റെ നേതൃത്വത്തിലാണ് സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധി സംഘം ചടങ്ങിൽ പങ്കെടുത്തത്. കേരളത്തിൽ നിന്ന് മലങ്കര കാതോലിക്ക സഭാ തലവൻ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ, മാർത്തോമാ സഭാ മെത്രാപ്പൊലീത്ത ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ തുടങ്ങിയവരും മറ്റ് സഭാ പ്രതിനിധികളും ചടങ്ങിൽ സംബന്ധിച്ചു. സുറിയാനി സഭാ സൂനഹദോസ് യോഗം ഇന്ന് ബെയ്റൂത്തിൽ നടക്കും.

✪✪✪

സംഗീതത്തെ ഉപാസിക്കാത്ത ഒരു സംസ്കാരവും ലോകത്തില്ലെന്ന് പശ്ചിമബംഗാൾ ഗവർണർ CV ആനന്ദബോസ് പറഞ്ഞു. കണ്ണൂർ പയ്യന്നൂരിൽ 111 ദിവസത്തെ തുരിയം സംഗീതോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആനന്ദ ബോസ്. കൈതപ്രം ദാമോദരൻ നമ്പൂതിരി, സ്വാമി കൃഷ്ണാനന്ദ ഭാരതി, റിട്ടയേഡ് ലെഫ്റ്റനന്റ് ജനറൽ വിനോദ് നായനാർ, പയ്യന്നൂർ നഗരസഭാ ചെയർപേഴ്സൺ KV ലളിത തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് പത്മഭൂഷൻ ഡോക്ടർ TV ഗോപാലകൃഷ്ണന്റെ സംഗീത കച്ചേരി അരങ്ങേറി. ഇന്ന് നെന്മാറ സഹോദരന്മാരുടെ നാഗസ്വര കച്ചേരി അരങ്ങേറും.

✪✪✪

വയനാട് ജില്ലയിലെ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി നാളെ രാവിലെ മന്ത്രി OR കേളു ഉദ്ഘാടനം ചെയ്യും. മാനന്തവാടി GUP സ്കൂളിലാണ് ജില്ലാ തല ഉദ്ഘാടനം സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

കരിപ്പൂർ വിമാനത്താവളത്തിലെ ഉയർന്ന ഹജ്ജ് യാത്രാ നിരക്കിൽ കേന്ദ്ര ഹജ്ജ് കമ്മറ്റിക്കോ, ന്യൂനപക്ഷ വകുപ്പിനോ പങ്കില്ലെന്ന് കേന്ദ്ര ഹജ്ജ് കമ്മറ്റി ചെയർമാൻ AP അബ്ദുല്ല കുട്ടി വ്യക്തമാക്കി. ഹജ്ജ് യാത്രക്കാരെ മാത്രമല്ല, ഗൾഫ് യാത്രക്കാരെയെല്ലാം വിമാന കമ്പനികൾ കൊള്ളയടിക്കുക യാണെന്ന് അദ്ദേഹം കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു.

സംസ്ഥാന ഹജ്ജ് കമ്മറ്റി സമ്മതിച്ചാൽ കേരളത്തിലെ ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം ഒന്നാക്കാൻ തയ്യാറാണെന്നും അദ്ദേഹം അറിയിച്ചു. ഒരു വിമാനത്താവളത്തിൽ നിന്ന് മാത്രം യാത്ര പുറപ്പെട്ടാൽ യാത്ര നിരക്ക് കുറയ്ക്കാനാകും. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റും ഹജ്ജ് കമ്മിറ്റിയും ഉചിതമായ തീരുമാനം എടുക്കണമെന്ന് അബ്ദുല്ലകുട്ടി ആവശ്യപ്പെട്ടു.

516 യാത്രക്കാരെ ഇതിനകം തന്നെ കരിപ്പൂരിൽ നിന്ന് കണ്ണൂരിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ആശാ വർക്കർമാരുടെ അനിശ്ചിതകാല നിരാഹാര സമരം ഏഴാം ദിവസത്തിലേക്ക് കടന്നു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കഴിഞ്ഞ 45 ദിവസമായി ആശ പ്രവർത്തകർ സമരത്തിലാണ്.

✪✪✪

സംസ്ഥാന യുവജന കമ്മീഷന്റെ യൂത്ത് ഐക്കൺ - യുവ പ്രതിഭാ പുരസ്കാരങ്ങൾ ഇന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ മന്ത്രി KN ബാലഗോപാൽ വിതരണം ചെയ്യും. നിഖില വിമൽ, വിനിൽ പോൾ, സജന സജീവൻ, ശ്രീവിദ്യ, ദേവൻ ചന്ദ്രശേഖരൻ, റോഷിപാൽ എന്നിവരാണ് യൂത്ത് ഐക്കൺ പുരസ്കാര ജേതാക്കൾ.

✪✪✪

ഖേലോ ഇന്ത്യ പാരാ ഗെയിംസ് മത്സരങ്ങൾ ന്യൂഡൽഹിയിൽ നാളെ സമാപിക്കും. 57 സ്വർണ്ണം ഉൾപ്പടെ 82 മെഡലുകളുമായി ഹരിയാനയാണ് ഒന്നാം സ്ഥാനത്ത്. 38 സ്വർണ്ണം ഉൾപ്പടെ 58 മെഡലുകളുമായി തമിഴ്നാടാണ് രണ്ടാം സ്ഥാനത്ത്. ഇന്ന് പവർ ലിഫ്റ്റിങ് മത്സരങ്ങളും, ടേബിൾ ടെന്നീസ് മത്സരങ്ങളും നടക്കും.

✪✪✪

ഏഷ്യൻകപ്പ് ഫുട്ബോൾ യോഗ്യതാ റൗണ്ടിൽ ഇന്നലെ ഇന്ത്യ-ബംഗ്ലാദേശ് മത്സരം സമനിലയിൽ പിരിഞ്ഞു. ഷില്ലോങ്ങിലെ മത്സരത്തിൽ ഇരു ടീമുകളും ഗോളടിച്ചില്ല. ഇതോടെ രണ്ട് ടീമുകൾക്കും ഓരോ പോയിന്റ് ലഭിച്ചു. ജൂൺ പത്തിന് ഹോംങ്കോങ്ങുമായാണ് ഇന്ത്യയുടെ മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സിന് വിജയം. അഹമ്മദാബാദിൽ ഗുജറാത്ത് ടൈറ്റൻസിനെ 11 റൺസിനാണ് പഞ്ചാബ് പരാജയപ്പെടുത്തിയത്. ഇന്ന് രാജസ്ഥാൻ റോയൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. വൈകീട്ട് 7.30 ന് ഗോഹട്ടിയിലാണ് മത്സരം.

✪✪✪

കോഴിക്കോട്ടെ ജില്ലാതല സപ്ലൈകോ റംസാൻ ഫെയർ വൈകിട്ട് ബേപ്പൂർ നടുവട്ടത്ത് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ MK രാഘവൻ MP മുഖ്യാതിഥി ആയി പങ്കെടുക്കും. മാർച്ച് 30 വരെയാണ് റംസാൻ ഫെയർ.

✪✪✪

കേരള മീഡിയ അക്കാദമിയുടെ സൂക്ഷ്മ ഗവേഷണ ഫെലോഷിപ്പുകൾക്ക് ദേശാഭിമാനി സീനിയർ സബ് എഡിറ്റർ ജിഷ ജയനും, മാതൃഭൂമി പീരിയോഡിക്കൽസ് സബ് എഡിറ്റർ T. സൂരജും അർഹരായി. ഒരു ലക്ഷം രൂപ വീതമാണ് ഫെലോഷിപ്പുകൾ.

സമഗ്ര ഗവേഷണ ഫെലോഷിപ്പിന് 9 പേരും അർഹരായിട്ടുണ്ടെന്ന് അക്കാദമി ചെയർമാൻ RS ബാബു കൊച്ചിയിൽ അറിയിച്ചു.

✪✪✪

പാലക്കാട് വടക്കഞ്ചേരിയിൽ ലഹരി പരിശോധനയ്ക്കിടെ പൊലീസ് ഉദ്യോഗസ്ഥനെ വാഹനം ഇടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച യുവാവിനെ കോട്ടയത്തുനിന്ന് പിടികൂടി. കണ്ണമ്പ്ര സ്വദേശി മൃദുൽ ആണ് അറസ്റ്റിലായത്. ഇയാളിൽ നിന്ന് MDMA യും കണ്ടെടുത്തു.

കോഴിക്കോട് റെയിൽവേ സ്റ്റേഷൻ നാലാം പ്ലാറ്റ്ഫോമിന് സമീപത്ത് നിന്ന് നാലര ഗ്രാമിലേറെ MDMA യുമായി ഒരാളെ പിടികൂടി. പന്തീരാങ്കാവ് സ്വദേശി അനീഷിനെയാണ് ടൗൺപൊലീസ് പിടികൂടിയത്.

✪✪✪

മാനന്തവാടി തോൽപ്പെട്ടിയിലെ വാഹന പരിശോധനയിൽ 250 ഗ്രാം MDMA പിടികൂടി. കാസർകോട് സ്വദേശികളായ KM ജാബിർ, മുഹമ്മദ് കുഞ്ഞി എന്നിവരെ അറസ്റ്റ് ചെയ്തു.

✪✪✪

പെരിന്തൽമണ്ണ തിരുമാന്ധാംകുന്ന് പൂരം പുറപ്പാട് ഏപ്രിൽ മൂന്നിന് നടത്തും. രണ്ടാം പൂരദിനമായ ഏപ്രിൽ നാലിന് വൈകിട്ട് സാംസ്കാരിക സമ്മേളനം മന്ത്രി AK ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഈ വർഷത്തെ മാന്ധാദ്രി പുരസ്കാരം ചടങ്ങിൽ നടൻ മനോജ് K ജയന് മന്ത്രി സമ്മാനിക്കും.

✪✪✪

കാസർഗോഡ് രാവണീശ്വരത്തെ CPIM ന്റേയും കർഷക തൊഴിലാളി യൂണിയന്റെയും മുതിർന്ന നേതാവായിരുന്ന മുക്കൂടിലെ O.കൃഷ്ണൻ നിര്യാതനായി. കാസർഗോഡ് CPIM ജില്ലാ കമ്മിറ്റി അംഗം, അജാനൂർ പഞ്ചായത്ത് അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

✪✪✪

കുടുംബശ്രീ പ്രീമിയം കഫേ കാസർകോട്ട്  ഇന്ന് പ്രവർത്തനം ആരംഭിക്കും. ജില്ലാ പഞ്ചായത്ത് പരിസരത്തെ കഫേ, NA നെല്ലികുന്ന് MLA ഉദ്ഘാടനം ചെയ്യും.

✪✪✪

*News Reader:  അനിൽ ചന്ദ്രൻ*
*News Team: ശരണ്യ രാജൻ, സബിത ആനന്ദ്*
*DEO: സുബോധ് സി കെ*